പത്രക്കുറിപ്പ്
19/11/2018

**ദുബായിലും അബുദാബിയിലും മലേഷ്യയിലുമടക്കം വിദേശ ജോലി സ്വന്തമാക്കി വേറിട്ട വിജയഗാഥ രചിച്ച് കേരളത്തിലെ ഡിഡിയുജികെവൈ പരിശീലനാർത്ഥികൾ**

- 73 വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി
- ശമ്പളം അരലക്ഷത്തോളം

തിരുവനന്തപുരം: കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്ര നൈപുണ്യ പരിശീലന പദ്ധതിയായ ഡിഡിയുജികെവൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന) വഴി പരിശീലനം നേടിയ വിദ്യാർത്ഥികൾ വിദേശ ജോലി സ്വന്തമാക്കി ജീവിതത്തിൽ മുന്നേറ്റം തുടരുന്നു. ഇതുവരെ 73 പരിശീലനാർത്ഥികൾ വിദേശത്ത് ജോലി സ്വന്തമാക്കി കഴിഞ്ഞു. ദുബായ്, അബുദാബി, മസ്കറ്റ്, ദോഹ, ഖത്തർ, കുവൈറ്റ്, മലേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ കമ്പനികളിലാണ് ഇവർ ജോലി സ്വന്തമാക്കിയത്. 25000 മുതൽ അരലക്ഷത്തോളം വരെയാണ് മാസ ശമ്പളം. ഖത്തർ എയർവേയ്സ്, ലുലു ഗ്രൂപ്പ്, ലൈഫ് കെയർ ഫാർമസി, സിജോങ് കോർപ്പറേഷൻ തുടങ്ങിയ പ്രമുഖ കമ്പനികളിൽ അക്കൗണ്ടന്റ്, സൂപ്പർ വൈസർ, നേഴ്സിങ് അസിസ്റ്റന്റ്, മെക്കാനിക്ക്, എസി ടെക്നീഷ്യൻ തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിലാണ് ഇവർ ജോലി ചെയ്യുന്നത്.

ഡിഡിയുജികെവൈ പദ്ധതി നടത്തിപ്പിന് കുടുംബശ്രീയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികളിൽ (പിഐഎ) എഡ്യുജോബ്സ് അക്കാഡമി പ്രൈവറ്റ് ലിമിറ്റഡിൽ പരിശീലനം നേടിയ 13 വിദ്യാർത്ഥികൾക്ക് വിദേശ ജോലി സ്വന്തമാക്കാൻ കഴിഞ്ഞു. കസ്റ്റമർ റിലേഷൻഷിപ്പ് എക്സിക്യൂട്ടീവ് കോഴ്സ് പൂർത്തിയാക്കിവയരാണിവർ. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, എസ്ബി ഗ്ലോബൽ എഡ്യുക്കേഷണൽ റിസോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ പിഐഎകളുടെ കീഴിൽ പരിശീലനം ലഭിച്ച പത്ത് വീതം വിദ്യാർത്ഥികൾക്ക് വിദേശത്തുള്ള കമ്പനികളിൽ ജോലി ലഭിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് കീഴിൽ ഫുഡ് പ്രോസസിങ് ആൻഡ് പ്രിസർവേഷൻ കോഴ്സ് പൂർത്തിയാക്കിവയർക്കാണ് വിദേശ ജോലി ലഭിച്ചത്. എസ്ബി ഗ്ലോബൽ എഡ്യുക്കേഷണൽ റിസോഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് കീഴിൽ പരിശീലനം നേടി വിദേശ ജോലി സ്വന്തമാക്കിയ കുട്ടികൾ എസി മെക്കാനിക്ക്, പ്ലംബിങ് കോഴ്സുകളാണ് പൂർത്തിയാക്കിയത്. ആദയന ലേണിങ് സൊലൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡ് പരിശീലനം (കോഴ്സ്- ഓട്ടോമോട്ടീവ് സർവീസ് ടെക്നീഷ്യൻ) നൽകിയ ഏഴ് വിദ്യാർത്ഥികളും സിങ്ക്രോസെർവ് ഗ്ലോബൽ സൊലൂഷ്യൻ പ്രൈവറ്റ് ലിമിറ്റഡ് (അക്കൗണ്ടിങ്, ഡൊമെസ്റ്റിക് ഡേറ്റ എൻട്രി ഓപ്പറേറ്റർ), സെന്റം വർക്ക് സ്കിൽസ് ഇന്ത്യ ലിമിറ്റഡ് (കോഴ്സുകൾ- ഫുഡ് ആൻഡ് ബിവറേജ് സർവീസ് സ്റ്റുവർഡ്, ട്രെയ്നി അസോസിയേറ്റ്) എന്നീ പിഐഎകൾക്ക് കീഴിൽ പരിശീലനം നേടിയ അഞ്ച് പേർ വീതവും വിദേശത്ത് ജോലി ചെയ്യുന്നു.

പരിശീലനത്തിനൊപ്പം തൊഴിലും ഉറപ്പ് നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിഡിയുജികെവൈ പദ്ധതിക്ക് കീഴിൽ ഗ്രാമ പ്രദേശങ്ങളിൽ നിന്നുള്ള 15നും 35നും ഇടയിൽ പ്രായ മുള്ള യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നേടാനാകും. സ്ത്രീകൾ, അംഗപരിമിതർ തുടങ്ങിയവർക്ക് ഉയർന്ന പ്രായപരിധി 45 വയസ്സാണ്. 2015ലാണ് കുടുംബശ്രീ നോഡൽ ഏജൻസിയായി

കേരളത്തിൽ ഡിഡിയുജികെവൈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. പദ്ധതി വഴി കേരളത്തിലെ 71200 യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകുകയെന്ന ലക്ഷ്യമാണ് കുടുംബശ്രീയ്ക്കുള്ളത്. 63 ഏജൻസികൾ ഇതുവരെ കുടുംബശ്രീയുമായി കരാറിലെത്തിയിട്ടുണ്ട്. ഇതുവരെ 33846 പേർക്ക് പരിശീലനം നൽകി. 25757 പേർക്ക് ജോലിയും ലഭിച്ചു. പദ്ധതിയുടെ മികച്ച നടത്തിപ്പിന് 2016-17 വർഷത്തിൽ ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും 2017-18 വർഷത്തിൽ രണ്ടാം സ്ഥാനവും കുടുംബശ്രീ കരസ്ഥമാക്കിയിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ